കെ.പി ബശീർ ഈരാറ്റുപേട്ട

# മരണം ആഗ്രഹിക്കരുത്

عَنْ أَبِي هُرَيْرَةَ رضي اللَّه عَنْه : أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : لاَ يَتَمَنَّى أَحَدُكُمُ الْمَوْتَ إِمَّا مُحْسِنًا فَلَعَلَّهُ يَزْدَادُ ، وَإِمَّا مُسِيئًا فَلَعَلَّهُ يُسْتَعْتَبُ (بخارى).

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: നിങ്ങളിൽ ആരും മരിക്കാൻ ആഗ്രഹിക്കരുത്. സൽക്കർമം ചെയ്യുന്നവനാണെങ്കിൽ അവന് അതിന് കൂടുതൽ അവസരം ലഭിക്കും. തെറ്റ് ചെയ്യുന്നവനാണെങ്കിലോ അവന് പശ്ചാത്തപിച്ചു മടങ്ങാനും സന്ദർഭം ലഭിച്ചേക്കും (ബുഖാരി).**

ശാരീരികമോ മാനസികമോ ആയ പ്രയാസങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യാൻ കഴിയാതെ വരുമ്പോൾ ദുർബല മനസ്സുകൾ ഇങ്ങനെ പറഞ്ഞുപോകും: 'അല്ലാഹുവേ, എനിക്ക് ഇനി അധികം ജീവിതം നൽകരുതേ. എന്നെ ഇങ്ങനെ പരീക്ഷിക്കുന്നത് എന്തിനാണ്?'' അങ്ങനെ പറയരുത് എന്ന പാഠമാണ് ഈ നബിവചനം നൽകുന്നത്. ഒരു യഥാർഥ വിശ്വാസി ഒരിക്കലും ഇങ്ങനെ ചിന്തിക്കാനോ പറയാനോ പാടില്ലാത്തതാണ്. ബുദ്ധി കൈമോശം വരുന്നതുകൊണ്ട് സംഭവിക്കുന്നതാണിത്. ജീവിതത്തിൽ നന്മകൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരാളാണ് കടുത്ത പ്രതിസന്ധിയിൽപെട്ടതെന്ന് കരുതുക. അദ്ദേഹം എന്തിനാണ് ജീവിതം പെട്ടെന്ന് അവസാനിച്ചു കിട്ടാൻ പ്രാർഥിക്കുന്നത്? പ്രതിസന്ധികളിൽ ക്ഷമയവലംബിക്കുക എന്നത് വളരെ പുണ്യകരമായ കാര്യമല്ലേ? ക്ഷമയവലംബിച്ചാൽ രണ്ടാണ് നേട്ടം. ഒന്ന്: അവന്റെ/അവളുടെ തെറ്റുകുറ്റങ്ങൾ പൊറുക്കപ്പെടും. ഒരാൾക്ക് ഉണ്ടാകുന്ന ദുഃഖങ്ങൾ, സങ്കടങ്ങൾ, ഒരു മുള്ള് തറക്കുമ്പോഴുണ്ടാകുന്ന വേദന പോലും വീഴ്ചകൾ പൊറുക്കപ്പെടുന്നതിന് കാരണമാകും. രണ്ട്: അല്ലാഹുവിന്റെ പ്രതിഫലം ഉദ്ദേശിച്ച് എല്ലാം ക്ഷമിക്കാനും സഹിക്കാനും തയാറായാൽ പരലോകത്ത് 'കണക്കില്ലാത്ത പ്രതിഫലം'' വന്നുചേരുമെന്ന് (*അസ്സുമർ* 10) ന്യായമായും പ്രതീക്ഷിക്കാം.

രോഗിയായി ദീർഘകാലം കഴിയുമ്പോഴാണ് ഇത്തരം ചിന്തകൾ പലരിലും കടന്നുവരുന്നത്. നബി(സ) പറഞ്ഞു: 'ആർക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിച്ചാൽ അല്ലാഹു അവനെ ആപത്തുകൾ കൊണ്ട് പരീക്ഷിക്കുന്നതാണ്.'

ആഇശ(റ) പറഞ്ഞതായി ഒരു റിപ്പോർട്ടിൽ കാണാം: 'നബിയേക്കാളും രോഗംകൊണ്ട് വേദന അനുഭവിച്ച ആരെയും ഞാൻ കണ്ടിട്ടില്ല.' ഇബ്നു അബ്ദില്ല പറയുകയാണ്: നബി(സ)ക്ക് രോഗമായപ്പോൾ ഞാൻ നബിയുടെ അടുക്കൽ ചെന്നു. അപ്പോൾ നബിക്ക് കലശലായി പനിക്കുന്നുണ്ടായിരുന്നു. ഇബ്നു അബ്ദില്ല നബിയോടു പറഞ്ഞു: 'അങ്ങേക്ക് കഠിനമായ പനി ബാധിച്ചിരിക്കുന്നുവല്ലോ. ഇത് താങ്കൾക്ക് ഇരട്ടി പ്രതിഫലം ലഭിക്കാൻ വേണ്ടിയായിരിക്കാം.'

നബി(സ) പറഞ്ഞു: ''അതേ, മരത്തിന്റെ ഇലകൾ കൊഴിഞ്ഞുവീഴുന്നതുപോലെ സത്യവിശ്വാസിയുടെ പാപങ്ങൾ കൊഴിഞ്ഞുവീണിട്ടല്ലാതെ സത്യവിശ്വാസിക്ക് ഒരു വിഷമവും ബാധിക്കുന്നില്ല.'' മറ്റൊരു നബിവചനത്തിൽ; തന്നെ ബാധിച്ച പ്രയാസം മൂലം നിങ്ങളാരും മരിക്കാനാഗ്രഹിക്കരുത്. അങ്ങനെ ചെയ്യാതിരിക്കാൻ നിർവാഹമില്ലെങ്കിൽ അവൻ ഇങ്ങനെ പറയട്ടെ: 'അല്ലാഹുവേ, ജീവിതം എനിക്ക് ഉത്തമമായിരിക്കുന്ന കാലത്തോളം എന്നെ ജീവിപ്പിക്കേണമേ. മരണമാണ് എനിക്ക് ഉത്തമമെങ്കിൽ എന്നെ നീ മരിപ്പിക്കേണമേ.'

മരിച്ചെങ്കിൽ എന്ന് ആഗ്രഹിക്കുന്നതുപോലും തെറ്റാണെന്ന് പഠിപ്പിക്കുകയാണ്. കാരണം അല്ലാഹു തനിക്ക് വിധിച്ചതിൽ (ഖളാഅ്) അസംതൃപ്തിയും നിരാശയും അതിൽ പ്രകടമാകുന്നുണ്ട്. സന്തോഷം ഉണ്ടാകുമ്പോൾ നന്ദികാണിക്കാനും പ്രതിസന്ധിയിലകപ്പെടുമ്പോൾ ക്ഷമിക്കാനുമാണല്ലോ വിശ്വാസി പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇനി രോഗം കൊണ്ടോ മറ്റോ മനുഷ്യൻ ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണെങ്കിൽ നബി പഠിപ്പിച്ച പ്രാർഥനകളും തസ്ബീഹുകളും തഹ്മീദുകളുമൊക്കെ ചൊല്ലി ഒരുപാട് പുണ്യങ്ങൾ അവന് നേടിയെടുക്കാൻ കഴിയും. അവയൊക്കെ പൊരുളറിഞ്ഞ് ചെയ്യുന്നതോടെ സ്വാഭാവികമായും മനസ്സ് ശാന്തമാകും. സുകൃതവാന് രോഗാവസ്ഥയും മറ്റും കൂടുതൽ സുകൃതങ്ങൾ ചെയ്യാനുള്ള അവസരമാവുമ്പോൾ, ജീവിതത്തിൽ ഒരുപാട് വീഴ്ചകൾ സംഭവിച്ച വ്യക്തിയെ സംബന്ധിച്ചേടത്തോളം അവ തിരുത്താനും പശ്ചാത്തപിക്കാനും നന്മകൾ കൂടുതൽ ചെയ്യാനുമുള്ള അവസരമായി അതിനെ കാണണം. ഇസ്ലാമികാധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവിതവീക്ഷണമുണ്ടാവുക എന്നതാണ് ഈ നിഷേധാത്മക ചിന്തയെ തടുക്കാനുള്ള വഴി. ●